

22-02-2022

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/02/2022

1. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കൃഷിവകുപ്പ് സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി ജനകീയ ക്യാമ്പയിൻ നടപ്പിലാക്കുന്നു. **'ഞങ്ങളും കൃഷിയിലേക്ക്'** എന്ന പേരിൽ നടപ്പാക്കുന്ന ഈ ജനകീയ ക്യാമ്പയിനു വേണ്ടി ലോഗോ തെരഞ്ഞെടുക്കുന്നതിനായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എൻട്രികൾ ക്ഷണിക്കുന്നു. പി എൻ ജി (.png) ഫോർമാറ്റിൽ തയ്യാറാക്കിയ ലോഗോ ഈ മാസം 25-ന് (25 /02 /2022 ന്) മൂന്ന് മണിക്ക് മുൻപായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ fiblogo@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും മെയിലിൽ രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് **0471-2318186** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. തെരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം 2021-2022 ൽ ഡിജിറ്റൽ വീഡിയോ മത്സരത്തിന് (ടി.വി.ചാനൽ വിഭാഗം) എൻട്രികൾ ക്ഷണിക്കുന്നു. പ്രൊഫഷണൽ വിഭാഗത്തിൽ കേരളത്തിലെ അംഗീകൃത ടി.വി.ചാനലുകളിൽ, 2020 - 2021 ൽ ജൈവകൃഷി എന്ന ആശയം ഉൾക്കൊണ്ട് സംപ്രേഷണം ചെയ്ത വീഡിയോയുടെ സംവിധായകരാണ് ഇതിനായി അപേക്ഷിക്കേണ്ടത്. ഒന്നാം സമ്മാനം 25,000/- രൂപയും, രണ്ടാം സമ്മാനം 20,000/- രൂപയും, മൂന്നാം സമ്മാനം 15,000/- രൂപയുമാണ്. **എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 26** വരെ നീട്ടിയിരിക്കുന്നു. എൻട്രികൾ **എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 695003** എന്ന വിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ അയയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 - 2314358, 9383470289** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പാക്കിവരുന്ന **'അടിയന്തിര രാത്രികാല വെറ്ററിനറി സേവനം'** എന്ന പദ്ധതിയിൽ പാമ്പാക്കുട, മൂവാറ്റുപുഴ, പള്ളുരുത്തി എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ, പൂർണ്ണമായും താൽക്കാലികമായി, പരമാവധി 90 ദിവസത്തേയ്ക്ക് രാത്രിസമയങ്ങളിൽ സേവനം നടത്തുവാൻ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നു. താൽപര്യമുള്ള കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള വെറ്ററിനറി ബിരുദധാരികൾ ഈ **മാസം 24-ന്**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(24-2-2022) രാവിലെ 11 മണിക്ക് ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം എറണാകുളം സൗത്ത്, ക്ലബ്ബ് റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണെന്ന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0484-2360648** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കൊല്ലം ജില്ലയിലെ കൊറ്റങ്കര കൃഷിഭവനിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി പച്ചക്കറി വിത്ത് പാക്കറ്റുകൾ എത്തിയിട്ടുള്ളതിനാൽ താൽപര്യമുള്ള കർഷകർ, കർഷക ഗ്രൂപ്പുകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവർ കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

5. മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ എറണാകുളം ജില്ലാ പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ആവിഷ്ക്കരിച്ച്, നടപ്പാക്കുന്ന എറണാകുളം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് **മരുന്നുകൾ വാങ്ങൽ പദ്ധതിയി**ലേക്ക് മരുന്നുകൾ വിതരണം ചെയ്യുവാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ സംബന്ധിക്കുന്ന വിവരങ്ങളെല്ലാം http://tender.lsgkerala.gov.in/Tender/D165669_2022.pdf എന്ന വെബ് അഡ്രസ്സിൽ നിന്നും ലഭിക്കുന്നതാണ്.

6. താമരവെള്ളച്ചാൽ ആദിവാസി ഗ്രാമത്തിലെ വനിതായൂണിറ്റ്, വനവിഭവങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് രുചിപ്പെരുമയൊരുക്കാൻ '**രുചിക**' എന്ന പേരിൽ ഭക്ഷ്യവിഭവങ്ങളുമായി വിപണിയിലേക്ക്. തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സാങ്കേതിക സഹായത്താലാണ് ഉത്പാദനം നടക്കുന്നത്.

7. ഇന്ത്യൻ റബ്ബറിനെയും റബ്ബറുത്പന്നമേഖലയെയും വിപണികളിൽ പരിചയപ്പെടുത്തുന്നതിനും വ്യാപാരസാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമായി റബ്ബർബോർഡ് കഴിഞ്ഞ ഒക്ടോബറിൽ ആരംഭിച്ച വെർച്വൽ ട്രേഡ് ഫെയറിന്റെ (വി.റ്റി.എഫ്.) രണ്ടാം സീസൺ 2022 ഏപ്രിൽ മാസത്തിൽ ആരംഭിക്കും. റബ്ബറിനും റബ്ബറുത്പന്നങ്ങൾക്കും ആഭ്യന്തര-അന്താരാഷ്ട്ര വിപണികളിൽ പ്രോത്സാഹനം നൽകുന്നതിനായി ഒരുക്കിയിട്ടുള്ള ചെലവു കുറഞ്ഞ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് വി.റ്റി.എഫ്. https://vtf.rubberboard.org.in/rubberboard എന്നതാണ് വി.റ്റി.എഫ്.-ൽ പ്രവേശിക്കുന്നതിനുള്ള ലിങ്ക്. ഈ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ ട്രേഡ് ഫെയർ സേവനം രജിസ്റ്റർ ചെയ്ത് ഒരു വർഷക്കാലത്തേക്ക് ലഭ്യമായിരിക്കും.

സ്റ്റാളുകൾ ബുക്കു ചെയ്യാൻ താൽപര്യമുള്ളവർക്ക് vtf2021@rubberboard.org.in എന്ന വിലാസത്തിൽ റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനുമായി ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

8. കേരള കാർഷിക സർവകലാശാല എക്സ്റ്റൻഷൻ ഡയറക്ടറേറ്റിനു കീഴിലുള്ള മണ്ണുത്തിയിലെ സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ **സംയോജിത കൃഷി സമ്പ്രദായം** എന്ന വിഷയത്തിൽ ആറുദിന ഓൺലൈൻ പരിശീലനം ഈ മാസം 24 വരെ (**ഫെബ്രുവരി 24**) നടക്കുന്നു. താത്പര്യമുള്ളവർ **0487 – 2371104** എന്ന ഫോൺ നമ്പരിലോ cti@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ മണ്ണുത്തിയിലെ സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക.

9. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി ഈ മാസം 24,25 (ഫെബ്രുവരി 24,25) തീയതികളിൽ **ശുദ്ധമായ ക്ഷീരോല്പാദനം** എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ക്ലാസ്സ് റൂം പരിശീലന പരിപാടി നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **0471–2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം പി.ഒ, തിരുവനന്തപുരം -695004 എന്ന വിലാസത്തിൽ നേരിട്ടോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെട്ട് ഈ മാസം 23-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് (ഫെബ്രുവരി 24) രാവിലെ 10.00 മണി മുതൽ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർക്ക് **0491 – 2815454** എന്ന ഫോൺ നമ്പരിലേക്ക് വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11.കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ ഇന്നും നാളെയുമായി (ഫെബ്രുവരി 22,23) **മുയൽ വളർത്തലിൽ** സൗജന്യ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ "**മുയൽ വളർത്തൽ**" എന്ന് മാത്രം എഴുതി വാട്ട്സാപ്പ് സന്ദേശം **6282609040** എന്ന നമ്പരിലേക്ക് ഇന്ന് രാവിലെ 8 മണിക്കകം അയയ്ക്കുക. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.